LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോട്ടയം ടെക്സ്റ്റൈൽസിൽ ആധുനികവൽക്കരണം നടപ്പാക്കണമെന്നാണ് സർക്കാർ നിലപാട്.

(ബി) പ്രവർത്തന മൂലധനത്തിന്റെ കുറവുമൂലവും കോട്ടൺ സപ്ലൈയർമാർക്ക് പരുത്തി വാങ്ങിയ ഇനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കുവാനുള്ളതിനാലും കോട്ടൺ നൂൽ പൂർണ്ണ തോതിൽ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പരുത്തി ലഭ്യമാകാത്ത അവസ്ഥ സംജാതമായിട്ടുണ്ട്.

(സി) കോട്ടയം ടെക്സ്റ്റൈൽസിന് കോ-ഓപ്പറേറ്റീവ് ബാങ്കുമായി നേരിട്ട് ബാധ്യതയൊന്നുമില്ല. കോട്ടയം ടെക്സ്റ്റൈൽസിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2015 ജനുവരി മുതൽ ഏപ്രിൽ വരെയും, ഒക്ടോബർ മുതൽ ഡിസംബർ വരെയും പിടിച്ച തുകയായ 17.10 ലക്ഷം രൂപ, കോട്ടയം ടെക്സ്റ്റൈൽസ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൊടുത്തു തീർക്കുവാനുണ്ട്. 2015 മെയ് മുതൽ ജൂലൈ വരെയുള്ള വിഹിതമായ 2.85 ലക്ഷം രൂപ 13-11-2015-ലും ആഗസ്റ്റ് മാസത്തെ വിഹിതമായ 1.25 ലക്ഷം രൂപ 14-10-2015-നും നൽകിയിട്ടുണ്ട്.

(ഡി) കോട്ടയം ടെക്സ്റ്റൈൽസ് ഇ.എസ്.ഐ. പരിധി കഴിഞ്ഞ തൊഴിലാളികൾക്ക് 1923-ലെ വർക്ക്മെൻസ് കോമ്പൻസേഷൻ നിയമം പ്രകാരം ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾക്കായി വർക്ക്മെൻസ് കോമ്പൻസേഷൻ പോളിസി ഇൻഷ്വറൻസ് എടുത്തിട്ടുണ്ട്. തൊഴിലാളികളുടെ കുടുംബത്തിന് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

വ്യവസായ വകുപ്പിനുകീഴിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലുള്ള ഭൂമി

189 (568) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള വസ്തുവിന്റെ വിശദാംശങ്ങൾ ഏത് സ്ഥാപനം,എത്ര ഭൂമി എന്നീ വിവരങ്ങൾ സഹിതം വിശദമാക്കാമോ;

(സി) ഉപയോഗിക്കാത്ത ഭൂമിയുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ പുന്നപ്ര ഡെവലപ്മെന്റ് പ്ലോട്ടിൽ 28.28 ഏക്കർ ഭൂമിയുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രം സ്ഥിതി ചെയ്യുന്ന 1.39 ഏക്കർ സ്ഥലവും ചേർത്ത് ആകെ 29.67 ഏക്കർ ഭൂമിയുണ്ട്.

(ബി) വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള വസ്തുവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പുന്നപ്ര വികസന പ്ലോട്ടിൽ 152.3 സെന്റ് ഭൂമി ഉപയോഗിക്കാതെയുണ്ട്. ഇവിടെ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

184 (569) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായവകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) ഇടുക്കി ജില്ലയിൽ കെ.എസ്.ഐ.ഡി.സി. ഒരു ഫീഡർ വിമാനത്താവളം സ്ഥാപിക്കുന്നതിനുവേണ്ടി സാങ്കേതിക-സാമ്പത്തിക സാധ്യതാ പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തുവാൻ ന്യൂഡൽഹിയിലെ ഐ.എഫ്.സി.ഐ.-യെ ചുമതലപ്പെടുത്തി. ഈ പദ്ധതിക്കുവേണ്ടി 37,99,577 രൂപ ചെലവായി. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള സർവ്വേ നടപടികൾ ആരംഭിച്ച അവസരത്തിൽ സ്ഥലവാസികളുടെ പ്രക്ഷോഭം കാരണം സാധ്യതാ പഠനം പൂർത്തീകരിക്കുവാൻ സാധിച്ചില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly